**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 416.**

**20.07.2015 ൽ മറുപടിയ്ക്ക്**

## അതുല്യം രണ്ടാംഘട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അതുല്യം രണ്ടാം ഘട്ടത്തിന്റെ പ്രവർത്തന രീതി വിശദമാക്കുമോ; | (എ) കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന പദവി യിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്കരിച്ച് കേരള സർക്കാരിന്റെ **മിഷൻ 676** പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒരു നൂതന പദ്ധതിയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനാണ് അതുല്യം പദ്ധതി ലക്ഷ്യം വച്ചത്.<br>സർവ്വേ നടത്തി പഠിതാക്കളെ കണ്ടെത്തുക, നാലാം തരം തുല്യതാ പാഠാവലിയുടെ അ ടിസ്ഥാനത്തിൽ ക്ലാസ്സുകൾ നടത്തുക, പരീക്ഷ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങ ളാണ് മുഖ്യമായും ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്.<br>പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സംസ്ഥാനതല |

....2

ത്തിലും ജില്ലാതലത്തിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അതത് സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ ചെയർമാനായിട്ടുള്ള സംഘാടക സമിതിയും, വാർഡ് തലങ്ങളിൽ വാർഡ് മെമ്പർമാർ ചെയർമാനായിട്ടുള്ള വാർഡ്തല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ അതുല്യം സ്റ്റേറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജില്ലകളെ നാല് മേഖലകളായി തിരിച്ച് മുൻപരിചയമുള്ള നാല് ജില്ലാ കോ-ഓർഡിനേറ്റർമാരെ മേഖലാ തലത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി മേഖലാ കോ-ഓർഡിനേറ്റർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അതുല്യം പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, കീ റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാതലങ്ങളിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി അതുല്യം പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി വീഡിയോ കോൺഫറൻസ് നടത്തുകയുണ്ടായി. ജില്ലാ കോ- ഓർഡിനേറ്റർമാരെയും മേഖലാ കോ- ഓർഡിനേറ്റർമാരെയും ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ പദ്ധതി അവലോകന

...3

| | | | |
|---|---|---|---|
| | | | യോഗങ്ങളും നടത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികൾ മുഖേന നടത്തിയിട്ടുള്ള സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തുടർ വിദ്യാകേന്ദ്രങ്ങളിലൂടെ വാർഡ് തലത്തിൽ പ്രേരക്മാർ നടത്തിയ സർവ്വേയിലൂടെയുമാണ് പഠിതാക്കളെ കണ്ടെത്തിയിട്ടുള്ളത്. പ്രസിദ്ധ സിനിമാ നടൻ ശ്രീ ദിലീപ് പ്രതിഫലമൊന്നും കൂടാതെ ഈ പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറാകാൻ തയ്യാറാകുകയും അദ്ദേഹത്തിന്റെ സന്ദേശം പ്രചരണത്തിനായി ഉപയോഗിക്കുകയും ചെയ്തു. വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രത്യേക സന്ദേശവും പ്രമുഖ ദൃശ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു. |
| (ബി) | ജനങ്ങൾക്കിടയിൽ ഈ പദ്ധതി ഉണ്ടാക്കിയ പ്രതികരണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | ഇല്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ നടന്ന പ്രവർത്തനങ്ങളും ജനങ്ങൾക്കിടയിൽ ഈ പദ്ധതി ഉണ്ടാക്കിയ പ്രതികരണങ്ങളെക്കുറിച്ചും പഠിച്ച് വിലയിരുത്തുന്നതിനായി ഒരു ബാഹ്യഏജൻസിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കത്തക്കവിധം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ | (സി) | സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ തക്കവിധം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. സംസ്ഥാന തല പ്രഖ്യാപനത്തിന് മുൻപ് ഒരു ബാഹ്യ ഏജൻസിയുടെ വിലയിരുത്തൽ കൂടി ആവശ്യമായതിനാൽ ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ